compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 21
Tuesday, 21st July 2026

1201 കർക്കടകം 5
5th Karkadakam 1201

1948 ആഷാഢം 30
30th Ashadha 1948

വാല്യം 15
Vol. XV

നമ്പർ **29**
No.

Part III

General Education Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(സാന്നിധ്യം: സിമി, എ. എസ്., ഗവ. അഡീഷണൽ സെക്രട്ടറി)

നമ്പർ എ3/7520/2026/ഡി. ജി. ഇ. 2026 ജൂലൈ 8.

വിഷയം:—പൊതുവിദ്യാഭ്യാസം— ജീവനക്കാര്യം— ശ്രീ. അബൂബക്കർ, സി., ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട്— ഹൈസ്കൂൾ അധ്യാപകരുടെ സംസ്ഥാനതല സീനിയോറിറ്റി പട്ടികയിൽ ജനന തീയതി തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) 9-6-2020-ലെ വാല്യം 9 നമ്പർ 1374 അസാധാരണം ഗസറ്റ് നോട്ടിഫിക്കേഷൻ (നമ്പർ ഡി6/34497/2019/ഡിജിഇ തീയതി 19-3-2020)

(2) 21-6-2023-ലെ വാല്യം 12 നമ്പർ 2089 ഗസറ്റ് നോട്ടിഫിക്കേഷൻ (നമ്പർ 4736/2023/എസ് വൈ1/ഡിജിഇ തീയതി 21-6-2023)

(3) ശ്രീ. അബൂബക്കർ, സി., ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട് സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും.

(4) 13-5-2026 തീയതിയിൽ ഈ കാര്യാലയത്തിൽ നിന്നും സർക്കാരിന് നൽകിയ ഇതേ നമ്പർ കത്ത്.

(5) 20-6-2026 തീയതിയിലെ പൊതു വിദ്യാഭ്യാസ (യു) വകുപ്പിന്റെ യു3/134/2026-പൊ.വി.വ നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശ്രീ. അബൂബക്കർ സി-യുടെ ജനന തീയതി പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ഹൈസ്കൂൾ എച്ച്.എം./എ.ഇ.ഒ. സ്ഥാനക്കയറ്റത്തിന് അർഹരായ എച്ച്.എസ്.റ്റി-മാരുടെ 2020-ലെ സെലക്ട് ലിസ്റ്റിലും (സീരിയൽ നമ്പർ 49), പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 1997-2000 കാലയളവിലെ ഹൈസ്കൂൾ അധ്യാപകരുടെ സീനിയോറിറ്റി പട്ടികയിലും (റാങ്ക് നമ്പർ 1586), 29-5-1973-ന് പകരം 10-3-1970 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആയത് തിരുത്തി നൽകുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പട്ടികകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനാൽ ആയതിൽ തിരുത്തൽ വരുത്തുന്നതിന് സർക്കാർ അനുമതി ലഭ്യമാകുന്നതിനായി പരാമർശം (4) പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും സഹിതം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അതിൻപ്രകാരം ടിയാന്റെ ജനന തീയതി 1997-2000 കാലയളവിലെ ഹൈസ്കൂൾ അധ്യാപകരുടെ സീനിയോറിറ്റി പട്ടികയിൽ തിരുത്തൽ വരുത്തി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് പരാമർശം (5) സർക്കാർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 1997-2000 കാലയളവിലെ ഹൈസ്കൂൾ അധ്യാപകരുടെ സംസ്ഥാനതല സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 1586 ആയി ഉൾപ്പെട്ടിട്ടുള്ള മണ്ണാർക്കാട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശ്രീ. അബൂബക്കർ, സി.-യുടെ ജനന തീയതി 10-3-1970-ന് പകരം 29-5-1973 എന്ന് തിരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
(ഗവ. അഡീഷണൽ സെക്രട്ടറി).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.21 04:58:12 +05:30